# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1731** **25.03.2013 ലെ മറുപടിക്ക്**

## മലയാളം പരീക്ഷ പാസ്സാകുന്നവർക്ക് മാത്രം സ്ഥിര നിയമനം

ചോദ്യം
ശ്രീ.സി.പി.മുഹമ്മദ്:
ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.പി.സി.വിഷ്ണുനാഥ്

ഉത്തരം
ശ്രീ. ഉമ്മൻ ചാണ്ടി:
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം പരീക്ഷ പാസ്സാകുന്നവർക്കുമാത്രം സർക്കാർ സർവ്വീസിൽ സ്ഥരനിയമനം നൽകിയാൽ മതിയെന്ന സർക്കാർ ശുപാർശ പി.എസ്.സി.അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | പത്താം ക്ലാസ്സുവരെ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ കേരള സർക്കാർ സർവീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് പത്താം ക്ലാസ് മലയാള പാഠാവലിയുടെ നിലവാരത്തിലുള്ള ഒരു പരീക്ഷ വിജയിക്കണമെന്നും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ഇതു ബാധകമാക്കണമെന്നും പരീക്ഷാ നടത്തിപ്പിന് കേരള പബ്ലിക് സർവീസ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നതായും മലയാളം മിഷന്റെ കീഴിലുള്ള മലയാള ഭാഷാ പഠനത്തിന്റെ ഭാഗമായി സീനിയർ ഹയർ ഡിപ്ലോമാ പരീക്ഷ വിജയിച്ചവർക്ക് ഈ പരീക്ഷ എഴുതേണ്ടതില്ല എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്ന് ഉദ്ദേശിക്കുന്നതായും കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുകയും കമ്മീഷന്റെ ഉപദേശം സർക്കാരിനെ അറിയിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഉപദേശം സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എന്ന് മുതലാണ് പ്രസ്തുത തീരുമാനം നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നറിയിക്കുമോ; | | |
| (സി) | ഏതെല്ലാം കാറ്റഗറിയിലെ നിയമനങ്ങൾക്കാണ് പ്രസ്തുത തീരുമാനം നിർബന്ധിതമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ